**തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)**

**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

(ഹാജർ – ശ്രീ. ജോൺസൺ കെ)

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് (എൽ.ഐ.ഡി&ഇ.ഡബ്ല്യൂ) – ജീവനക്കാര്യം – ഹെഡ് ക്ലാർക്ക് തസ്തികയിലെ അന്തിമ മുൻഗണനാ പട്ടിക പുനഃക്രമീകരിച്ച് അന്തിമമാക്കി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :
1) ഈ കാര്യാലയത്തിലെ 10/09/2021 & 24/06/2022 എന്നീ തീയതികളിലെ എ 1/1001/13/സിഇ/തസ്വഭവ/Vol.IV നമ്പർ ഉത്തരവുകൾ
2) ഈ കാര്യാലത്തിലെ 22/11/2021 ലെ ഇതേ നമ്പർ ഉത്തരവ്
3) ഈ കാര്യാലയത്തിലെ 04/10/2021 ലെ ഇതേ നമ്പർ ഉത്തരവ്
4) ഈ കാര്യാലയത്തിലെ 02/08/2022 ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നം. എ 1–5930/2017/സിഇ/തസ്വഭവ (വാല്യം. II) തീയതി 14/09/2022**

സൂചന (2) പ്രകാരം ഹെഡ് ക്ലാർക്കുമാരുടെ കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. സൂചന (1) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലെ അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചതിനെ തുടർന്ന്, ഹെഡ് ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം ക്രമീകരിച്ച കൊണ്ട് സൂചന (4) പ്രകാരം കരട് പ്രസിദ്ധീകിരിക്കുകയും, ആയത് സംബന്ധിച്ച് ആക്ഷേപങ്ങൾ സമർപ്പിക്കുവാൻ അവസരം നൽകുകയും ചെയ്തിരുന്നു. അതിൻപ്രകാരം, ശ്രീ ബാബു വി ഹെഡ് ക്ലാർക്ക്, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്, ശ്രീ. നാസർ എ, ഹെഡ് ക്ലാർക്ക്, റാന്നി ബ്ലോക്ക് പഞ്ചായത്ത് എന്നിവർ ആക്ഷേപങ്ങൾ സമർപ്പിച്ചിരുന്നു. ടിയാളുകളുടെ ഹെഡ് ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. എന്നാൽ, ടിയാളുകൾക്ക് സൂചന (3) പ്രകാരമാണ് ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ചത്. ടിയാളുകളുടെ അപേക്ഷ പ്രത്യേകം പരിഗണിക്കാവുന്നതാണ്. നിലവിൽ പ്രസിദ്ധീകരിച്ച പട്ടിക സംബന്ധിച്ച് ആക്ഷേപങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ, സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച ഉത്തരവ് അന്തിമമാക്കി കൊണ്ട് ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ് : എല്ലാ നിയന്ത്രണാധികാരികൾക്കും (വെബ്സൈറ്റ് മുഖേന)

എൻ.പി/-

Scanned with CamScanner